(സി) എങ്കിൽ പ്രസ്തുത ഓരോ വർഷവും എന്തു തുക വീതം ഇപ്രകാരം ക്യാപിറ്റൽ അക്കൗണ്ടിൽനിന്നും റവന്യൂ അക്കൗണ്ടിലേക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പദ്ധതി ഇനത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകകളുടെ വിവരം അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.†

(ബി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായി മൂലധന ചെലവുകൾക്കുള്ള തുക ഉൾപ്പെടെയുള്ള തുകകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നത് റവന്യൂ അക്കൗണ്ടിലാണ്.

(സി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്ക് മാറ്റപ്പെട്ട പരിപാടികൾക്ക് അനുവദിക്കുന്ന തുകയിൽ മൂലധന ചെലവിനങ്ങൾ ഉൾപ്പെടുന്നതിനു പുറമെ ഈ സ്ഥാപനങ്ങൾക്ക് പദ്ധതിസഹായമായി നൽകുന്ന മൊത്തം തുകയിലും മൂലധന ചെലവിനങ്ങൾക്കുള്ള വിഹിതം ഉൾപ്പെടുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി പദ്ധതികൾ വിഭാവന ചെയ്തു നടപ്പിലാക്കുന്നതിനാൽ മൂലധനചെലവിനുള്ള തുക കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയില്ല.

ടാറിന്റെ ദൗർലഭ്യം

55 (1110) ശ്രീമതി ആർ. ലതാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനം നേരിടുന്ന ടാറിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ധനകാര്യവകുപ്പിനോട് എന്തു തുകയുടെ സാമ്പത്തിക സഹായമാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ഈ ആവശ്യപ്രകാരം സാമ്പത്തിക സഹായം നല്കിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) അനുവാദം ലഭിച്ചിട്ടുള്ള മരാമത്തു പ്രവൃത്തികൾ സമയത്ത് പൂർത്തീകരിക്കാൻ കഴിയുവിധം ടാർ വാങ്ങുന്നതിന് ഫണ്ട് നൽകുമോ ?

ഉത്തരം

(എ) 47.77 കോടി രൂപ

(ബി) 20 കോടി രൂപ അനുവദിച്ചു കഴിഞ്ഞു.

(സി) 10 കോടി രൂപ കൂടി 2000 ജനുവരിയിൽ നല്കുന്നതാണ്.

---

†അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly